# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2115 — 05.12.2018 ൽ മറുപടിക്ക്

## സൈബർ കുറ്റ കൃത്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സമൂഹ മാധ്യമങ്ങളുടെ വ്യാപകമായ ദുരുപയോഗം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവ സുരക്ഷിതമായി ഉപയോഗിക്കുന്നതിനും സോഷ്യൽ മീഡിയ സൈറ്റുകൾ ഏതെല്ലാം രീതിയിൽ ദുരുപയോഗം ചെയ്യുന്നു എന്നതിനെ സംബന്ധിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് സാമൂഹിക സാംസ്കാരിക സംഘടനകളിലും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. കൂടാതെ സൈബർ ലോകത്തെ ചതിക്കുഴികളെ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി മുഖേനയും, പൊതുജനങ്ങൾക്ക് ജനമൈത്രി പോലീസ് സംവിധാനം മുഖേനയും അവബോധം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) സർക്കാർ ജീവനക്കാർ സമൂഹ മാധ്യമങ്ങളിലൂടെ സർക്കാർ നിലപാടുകളെ പരസ്യമായി വിമർശിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) സർക്കാർ ജീവനക്കാർ സമൂഹമാധ്യമങ്ങളിലൂടെ സർക്കാർ നിലപാടുകൾ പരസ്യമായി വിമർശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) സൈബർ കുറ്റ കൃത്യങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കാര്യക്ഷമമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനുമായി നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന സൈബർക്രൈം പോലീസ് സ്റ്റേഷന് പുറമെ കൊച്ചി, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ സൈബർ ക്രൈം പോലീസ് |

സ്റ്റേഷൻ ആരംഭിക്കുന്നതിന് 17.04.2018 തീയതിയിലെ സ.ഉ (കൈ) നം. 68/2018/ആഭ്യ. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി Cyber Crime Prevention against Women & Children പ്രോജക്ട് നടപ്പിലാക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൈബർ ഫോറൻസിക് ലാബ് ഉൾപ്പെടെ ഒരു ട്രെയിനിംഗ് സെന്റർ കേരള പോലീസ് അക്കാദമിയിൽ ആരംഭിക്കുന്നതിനായി സി-ഡാക്കിന് വർക്ക് ഓർഡർ നൽകിയിട്ടുള്ളതും ആയത് തുടങ്ങുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്.

സൈബർ കുറ്റകൃത്യങ്ങളുടെ ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിലേയ്ക്കായി ജില്ലാ സൈബർ സെല്ലുകൾ, എഫ്.എസ്.എൽ, സൈബർഡോം തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. കൂടാതെ സി-ഡാക്ക് വികസിപ്പിച്ച Cyber Check Suit, Winlift, True Imager, Simextractor, Mobile Check suit, Net force suit, Encase എന്നീ സൈബർ ഫോറൻസിക് ഹാർഡ് വെയർ/സോഫ്റ്റ് വെയറുകൾ ടൂളുകൾ ഉപയോഗിക്കുന്നതിന് സൈബർ സെല്ലുകളിലെ പോലീസുദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനു വേണ്ടി സി-ഡാക്കിൽ നിന്നും സമയാസമയങ്ങളിൽ പ്രത്യേക പരിശീലനങ്ങളും നൽകിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ